(ഡി) ഓരോ ജില്ലയ്ക്കും ഇതുവരെ എത്ര ഡോസുകൾ വീതം നൽകിയെന്ന് അറിയിക്കുമോ?

31-5-2021 വരെ വിവിധ ജില്ലകൾക്ക് നൽകിയ കോവിഡ് വാക്സിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ഇ) മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി വാക്സിൻ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(എഫ്) മലപ്പുറം ജില്ലയ്ക്ക് കൂടുതൽ വാക്സിൻ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലേയ്ക്ക് ആദ്യഘട്ടങ്ങളിൽ 2021 ജനുവരി മാസത്തിൽ 53870-ഓളം വാക്സിൻ അനുവദിച്ച് കിട്ടിയിരുന്നെങ്കിലും അന്ന് 9403 എണ്ണം വാക്സിൻ (17%) മാത്രമേ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. ഇപ്പോൾ വാക്സിൻ കൂടുതൽ പേർ ഉപയോഗപ്പെടുത്തുന്നുണ്ട്. ആവശ്യകതയ്ക്കനുസരിച്ച് വാക്സിൻ ലഭ്യമാക്കിവരികയും ചെയ്യുന്നുണ്ട്. ആവശ്യകത അനുസരിച്ച് ജില്ലകളിൽ പുതിയതായി വാക്സിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ജില്ലാ ടാസ്ക് ഫോഴ്സിന് അധികാരമുണ്ട്.

ബ്ലാക്ക് ഫംഗസ് രോഗബാധ

192 (204) <u>ശ്രീമതി കെ. കെ. രമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാളിതുവരെ ബ്ലാക്ക് ഫംഗസ് രോഗബാധ സ്ഥിരീകരിച്ച രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

2-6-2021 വരെ 57 പേരിലാണ് ബ്ലാക്ക് ഫംഗസ് ബാധ സംസ്ഥാനത്ത് സ്ഥിരീകരിച്ചിട്ടുള്ളത്. അതിൽ 52 പേർ കോവിഡ് ബാധിച്ചവരും 5 പേർ കോവിഡ് രോഗം ബാധിക്കാത്തവരുമാണ്.

(ബി) ചില സംസ്ഥാനങ്ങളിൽ ഈ രോഗത്തെ ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ?

കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശപ്രകാരം ബ്ലാക്ക് ഫംഗസ് രോഗത്തെ Notifiable Disease ആയി സംസ്ഥാനം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രോഗത്തെ തെലങ്കാന, ഒഡീഷ, കർണാടക, തമിഴ്നാട്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ബ്ലാക്ക് ഫംഗസ് രോഗചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചില മരുന്നുകൾക്ക് സംസ്ഥാനത്ത് ദൗർലഭ്യം നേരിടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ലിപ്പോസോമൽ ആംഫോട്ടെറിസിൻ-ബി എന്ന മരുന്നാണ് ബ്ലാക്ക് ഫംഗസ് ചികിത്സയ്ക്കായി ഉപയോഗിച്ചുവരുന്നത്. ടി മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സ്പെഷ്യാലിറ്റി മരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ സംസ്ഥാനത്ത് ബ്ലാക്ക് ഫംഗസ് രോഗബാധയുടെ ചികിത്സയ്ക്കുള്ള മരുന്നുകൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ല.

(ഡി) സംസ്ഥാനത്ത് ബ്ലാക്ക് ഫംഗസ് രോഗബാധ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് ഇതിന്റെ ചികിത്സയ്ക്കായി ഒരു പ്രോട്ടോക്കോൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്തെ കോവിഡ്-19-മായി ബന്ധപ്പെട്ട് മ്യൂക്കോർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്)-ന്റെ ചികിത്സയ്ക്കായി ഒരു ടെക്നിക്കൽ ഗൈഡ്ലൈനിന് രൂപം നൽകുകയും ആയത് പിൻതുടരുകയും ചെയ്തുവരുന്നു.

ആരോഗ്യ പ്രവർത്തകർക്ക് മതിയായ പരിഗണന നൽകുന്നതിനുള്ള നടപടി

193 (205) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്, നിപ തുടങ്ങിയ മഹാമാരികളെ നിശ്ചയദാർഢ്യത്തോടെ നേരിട്ട് ലോകത്തിന് മാതൃകയായ കേരളത്തിലെ ആരോഗ്യ പ്രവർത്തകർക്ക് മതിയായ പരിഗണന നൽകുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിച്ച് അവരുടെ ജോലിഭാരം കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) മികച്ച ആരോഗ്യപ്രവർത്തകർക്ക് കൂടുതൽ പ്രോത്സാഹനം എന്ന നിലയിൽ ഗ്രഡ് സർവ്വീസ് സർട്ടിഫിക്കറ്റ്, പ്രത്യേക ഇൻക്രിമെന്റ്, പാരിതോഷികങ്ങൾ മുതലായവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. കൂടാതെ 29-5-2021 വരെ 17638 പേരെ എൻ.എച്ച്.എം. മുഖേന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നേരിട്ട് ബന്ധമുള്ള ജീവനക്കാരെ വിരമിച്ചതിനുശേഷം അഡ്ഹോക് വ്യവസ്ഥയിൽ തുടരാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.